എ.വൈ.ആർ

**യാഥാർഥ്യങ്ങൾക്കു നേരെ കണ്ണും കാതും കൊട്ടിയടച്ച് ബുദ്ധിയെ നിഷ്ക്രിയമാക്കിയവർക്കു മുന്നിൽ പ്രബോധനവും പ്രവാചകന്മാരും പെരുത്തതുകൊണ്ടെന്തു കാര്യം?! മനക്കണ്ണ് തുറന്നുനോക്കുകയാണെങ്കിൽ വ്യത്യസ്ത വ്യക്തികൾക്കും ഗോത്രങ്ങൾക്കും ദേശങ്ങൾക്കുമെല്ലാം തെളിഞ്ഞുകാണത്തക്കവണ്ണം വൈവിധ്യമാർന്ന ശൈലികളിലും മാധ്യമങ്ങളിലും ഈ ഖുർആൻ തന്നെ നിത്യസത്യങ്ങൾ തുറന്നുവെച്ചിരിക്കുന്നു.**



وَهُوَ الَّذِي أَرْسَلَ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ ۚ وَأَنْزَلْنَا مِنَ السَّمَاءِ مَاءً طَهُورًا ﴿٤٨﴾

**48.** തന്റെ അനുഗ്രഹത്തിനു മുന്നാലെ ശുഭസൂചകമായി കാറ്റുകളെ അയക്കുന്നതും അവൻ തന്നെ. അങ്ങനെ നാം മാനത്തുനിന്ന് ശുദ്ധജലം വർഷിക്കുന്നു.

لِنُحْيِيَ بِهِ بَلْدَةً مَيْتًا وَنُسْقِيَهُ مِمَّا خَلَقْنَا أَنْعَامًا وَأَنَاسِيَّ كَثِيرًا ﴿٤٩﴾

**49.** അതുവഴി മൃതദേശങ്ങളെ സജീവമാക്കാനും, നാം സൃഷ്ടിച്ച പെരുത്ത കാലികളെയും മനുഷ്യരെയും കുടിപ്പിക്കാനും.

**48,49**

وَهُوَ الَّذِي أَرْسَلَ الرِّيَاحَ = കാറ്റുകളെ അയച്ച(ക്കുന്നതും)വനും അവൻതന്നെ

بُشْرًا = സുവിശേഷമായി (ശുഭസൂചകമായി) بَيْنَ يَدَيْ رَحْمَتِهِ = അവന്റെ അനുഗ്രഹത്തിനു മുന്നാലെ

وَأَنْزَلْنَا مِنَ السَّمَاءِ = (അങ്ങനെ) നാം മാനത്തുനിന്ന് ഇറക്കി (വർഷിക്കുന്നു) مَاءً طَهُورًا = ശുദ്ധജലം

لِنُحْيِيَ بِهِ = അതുവഴി നാം സജീവമാക്കാൻ بَلْدَةً مَيْتًا = മൃതദേശത്തെ (ദേശങ്ങളെ)

وَنُسْقِيَهُ = അതു നാം കുടിപ്പിക്കാനും

مِمَّا خَلَقْنَا أَنْعَامًا وَأَنَاسِيَّ كَثِيرًا = നാം സൃഷ്ടിച്ചതിൽപെട്ട പെരുത്ത കാലികളെയും മനുഷ്യരെയും

ريح-ന്റെ ബഹുവചനമാണ് رياح. ചലിക്കുന്ന വായുവാണ് ريح (കാറ്റ്). വെള്ളത്തിന്റെ ഒഴുക്കെന്ന പോലെ കാറ്റിന്റെ വേഗതയും ഏറിയും കുറഞ്ഞുമിരിക്കും. കാറ്റ് അതിവേഗമാർജിക്കുമ്പോൾ കൊടുങ്കാറ്റാകുന്നു. മന്ദഗതിയിലുള്ള വായുചലനം വലിയ അനുഗ്രഹമാണ്. അത് അന്തരീക്ഷം ശുദ്ധീകരിക്കുന്നു. ഉഷ്ണം ശമിപ്പിക്കുന്നു. വസ്തുക്കളുടെ നാലു പാടും വായു നിറഞ്ഞുകിടക്കുന്നതുകൊണ്ടാണ് അവ നിലനിൽക്കുന്നത്. അംബരചുംബിയായ കെട്ടിടത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തുനിന്ന് വായു തീരെ നീങ്ങിപ്പോയെന്ന് വിചാരിക്കുക; അത് മറിഞ്ഞുവീഴും. ഒരിടത്തുനിന്ന് വായു നീങ്ങിപ്പോകുമ്പോൾ മറ്റിടങ്ങളിൽനിന്നുള്ള വായു ആ വിടവു നികത്തുന്നു. തടാകത്തിന്റെ ഒരു മൂലയിൽനിന്ന് കോരിയെടുക്കുന്ന വെള്ളത്തിന്റെ വിടവ് മറ്റു വശങ്ങളിൽനിന്നുള്ള വെള്ളം നികത്തുന്നതു പോലെ. ജീവികൾക്ക് വെള്ളത്തേക്കാൾ പ്രധാനമാണ് വായു. വെള്ളം കുടിക്കാതെ ദിവസങ്ങളോളം ജീവിക്കാൻ കഴിയും. വായു ശ്വസിക്കാതെ നിമിഷങ്ങളോളമേ ജീവിക്കാനാകൂ. അതുകൊണ്ട് വായുലഭ്യത ജലലഭ്യതയേക്കാൾ സുഗമമാക്കപ്പെട്ടിരിക്കുന്നു. വായുവിന്മേൽ കുത്തകാവകാ

ശം സ്ഥാപിക്കാനോ തടഞ്ഞുവെക്കാനോ ആർക്കും സാധ്യമല്ല. വായുവിന്റെ തുല്യമായ വിതരണം പൂർണമായും അതിന്റെ സ്രഷ്ടാവ് നേരിട്ട് ഏറ്റെടുത്തിരിക്കുന്നു. അതു സമ്പാദിക്കാൻ ആരും ആരോടും യുദ്ധം ചെയ്യേണ്ടതില്ല. ഇല്ലെങ്കിൽ ജലത്തിനെന്ന പോലെ വായുവിനു വേണ്ടിയും കേരളവും തമിഴ്നാടും തമ്മിലും തമിഴ്നാടും കർണാടകവും തമ്മിലും ഇന്ത്യയും പാകിസ്താനും തമ്മിലും ചൈനയും ഇന്ത്യയും തമ്മിലുമൊക്കെ കലഹിക്കേണ്ടിവരുമായിരുന്നു. അനുഗൃഹീതമായ കാറ്റിനെയാണ് ഖുർആൻ കാറ്റുകൾ- رياح-എന്ന ബഹുവചനത്തിൽ പറയാറുള്ളത്. നാനാഭാഗത്തുനിന്നുമുള്ള സന്തുലിതമായ വായുഗമനമാണത്. ഏതെങ്കിലും ഒരു ദിശയിൽനിന്ന് അമിത വേഗത്തിലും ശക്തിയിലും വരുന്ന കാറ്റ് വിനാശകരമാണ്. അത്തരം കാറ്റിനെ ريح എന്ന ഏകവചനത്തിലാണ് ഖുർആൻ പരാമർശിക്കാറുള്ളത്. ഉദാ: ريح صرصر-ഹുങ്കാരമുള്ള ശീതക്കാറ്റ്, ريح فيها عذاب اليم-കൊടിയ ശിക്ഷയേന്തുന്ന കാറ്റ്. بُشُر-ന്റെ അസൽ രൂപം بُشر ആണ്. رسل പോലെ. നല്ല കാര്യം സംഭവിക്കാൻ പോകുന്നു എന്ന മുന്നറിയിപ്പ്-സദ്വാർത്തയും സുവിശേഷവുമാണ് بشر . ഇതിന് بشارة, بشرى തുടങ്ങിയ രൂപങ്ങളുമുണ്ട്. ഹർഷത്തിനും മുഖപ്രസാദത്തിനും بِشر എന്നു പറയും. بشير -ഉം مُبشر -ഉം സുവിശേഷകനാണ്. ശുഭലക്ഷണത്തിനും പറയും. അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹാഗമനത്തിന്റെ ശുഭസൂചനയായി കാറ്റുകളെ അയച്ചു എന്നാണ് أَرْسَلَ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ എന്ന വാക്യത്തിന്റെ സാരം. رحمة -അനുഗ്രഹം-കൊണ്ടുദ്ദേശ്യം മഴയാണ്. സ്വയം ശുദ്ധമായതും അശുദ്ധമായതിനെ ശുദ്ധീകരിക്കാൻ പര്യാപ്തമായതുമാണ് طَهُور. ശുദ്ധമായതിന് طاهر എന്ന് പറയും. എല്ലാവിധ മാലിന്യങ്ങളിൽനിന്നും കലർപ്പുകളിൽനിന്നും കീടങ്ങളിൽനിന്നും പരിശുദ്ധവും അശുദ്ധികളെ ശുദ്ധീകരിക്കാൻ പര്യാപ്തവുമായ ബാഷ്പീകൃത ജലമാണ് മഴവെള്ളം. بلد ദേശമാണ്. ഇത് بلدة എന്ന് സ്ത്രീലിംഗരൂപത്തിലും ഉപയോഗിക്കും. ഖുർആൻ രണ്ടുതരത്തിലും ഉപയോഗിച്ചിരിക്കുന്നു. സ്ത്രീലിംഗമായി ഉപയോഗിച്ചതിനുദാഹരണം ഈ സൂക്തം തന്നെ. പുല്ലിംഗത്തിനുദാഹരണം 7:58-ലെ وَالْبَلَدُ الطَّيِّبُ يَخْرُجُ نَبَاتُهُ بِإِذْنِ رَبِّهِ എന്ന വാക്യം. ميّت -ന്റെ മറ്റൊരു രൂപമാണ് مَيْت. നിർജീവമായത് എന്നർഥം. മൈത്തും മയ്യിത്തും തമ്മിൽ ഉപയോഗത്തിൽ ചെറിയ അന്തരമുണ്ട്. മനുഷ്യരുടെ ജഡത്തിനാണ് സാധാരണ 'മയ്യിത്ത്' എന്നു പറയുക. മരിക്കേണ്ടവൻ എന്ന അർഥത്തിലും മയ്യിത്ത് ഉപയോഗിക്കും. إِنَّكَ مَيِّتٌ وَإِنَّهُم مَّيِّتُونَ ﴿٣٠﴾ (നീ മരിക്കേണ്ടവനാണ്, അവരും മരിക്കേണ്ടവരാണ്) എന്ന് ഖുർആൻ 39:30 -ൽ പ്രസ്താവിച്ചിട്ടുണ്ട്. മയ്യിത്തിന്റെ ബഹുവചനം اموات -ഉം موتى-യും. ശർഇയായ രൂപത്തിൽ അറുക്കപ്പെടാതെ ചത്ത തിര്യക്കുകളുടെ ശവത്തിനാണ് മൈത്ത് എന്നും മൈതത് എന്നും സാധാരണ ഉപയോഗിക്കാറുള്ളത്. سقى -യുടെയും أسقى-യുടെയും അർഥം കുടിപ്പിച്ചു എന്നാണ്. പ്രയോഗത്തിൽ ഇവ തമ്മിൽ ചെറിയ അന്തരമുണ്ട്. കുടിക്കാൻ കൈയിൽ കൊടുക്കുകയോ വായിലൊഴിച്ചുകൊടുക്കുകയോ ചെയ്യുകയാണ് سقاية. വെള്ളം കൊടുക്കുന്നവൻ سَاق. കുടിനീർ സജ്ജീകരിക്കുകയാണ് إسقاء. പൈപ്പുകൾ, കനാലുകൾ, ജലസംഭരണികൾ, നദികൾ തുടങ്ങിയവയെല്ലാം ഒരുക്കുന്നതും മഴപെയ്യുന്നതും اسقاء ആണ്. ഇതിന്റെ വർത്തമാനക്രിയാരൂപമാണ് تُسْقِى. 'ഇൻസാനി' (മനുഷ്യൻ)ന്റെ ബഹുവചനമായ 'അനാസീനി'ലെ അന്ത്യാക്ഷരമായ നൂനി ( ن ) നെ ഉച്ചാരണ സൗകര്യാർഥം യാഉ് ( ياء ) ആക്കിമാറ്റിയതാണ് اناسى. മൂലത്തിലെ كثير -ന്റെ ആശയം ഭൂരിപക്ഷം എന്നാവാം. പെരുത്ത് എന്നുമാവാം. ഭൂരിപക്ഷം എന്ന് അർഥമാകുമ്പോൾ മനുഷ്യരിലും തിര്യക്കുകളിലും ഭൂരിപക്ഷം ജീവികൾ മഴയിൽനിന്ന് ലഭിക്കുന്ന വെള്ളം കുടിക്കുന്നു എന്നാണ് താൽപര്യം. മഴവെള്ളം നദികളിൽനിന്നും ഉറവകളിൽനിന്നും കുടിക്കുന്നവയാണ് മറ്റുള്ളവ. നദീജലം ലഭ്യമല്ലാത്തതിനാൽ മരുഭൂവാസികളായ അറബികളെ സിയാദതുൽ ഹാരിസി ( زيادة الحارثى ) എന്ന അറബി കവി بنو ماء السماء (ആകാശജലത്തിന്റെ മക്കൾ) എന്നു വർണിച്ചിട്ടുണ്ട്. ജീവിക്കാൻ വെള്ളം ആവശ്യമില്ലാത്ത കുറച്ചു ജീവികളുമുണ്ട് എന്നു സൂചിപ്പിക്കുകയാണ് كثير എന്ന വിശേഷണമെന്നും വ്യാഖ്യാനമുണ്ട്. രണ്ടാമത്തെ അർഥത്തിലെടുക്കുമ്പോൾ അല്ലാഹു സൃഷ്ടിച്ച എണ്ണമറ്റ ജനവും കാലികളും മഴയിൽ ലഭിക്കുന്ന ജലം കുടിച്ചുജീവിക്കുന്നു എന്നും ജലം എല്ലാ ജീവികളുടെയും ജീവിതത്തിനാധാരമാണെന്നിരിക്കെ മനുഷ്യരെയും കാലികളെയും മാത്രം പരാമർശിച്ചത് മറ്റു കരജീവികളേക്കാളും പക്ഷികളേക്കാളും കൂടുതൽ ജലത്തെ ആശ്രയിക്കുന്നത് അവ രണ്ടുമായതുകൊണ്ടാണെന്നും പണ്ഡിതന്മാർ പറയുന്നു. പക്ഷികളും പാമ്പുകളുമെല്ലാം മരുഭൂമിയിലും ജീവിക്കുന്നുണ്ട്. വെള്ളം കുടിക്കാതെ വളരെ നാൾ ജീവൻ നിലനിർത്താനും വെള്ളം തേടി വിദൂര ദേശങ്ങളിലേക്ക് അനായാസം സഞ്ചരിക്കാനും അവക്കു കഴിയും.

വചനതാൽപര്യമിതാണ്: നിങ്ങൾ ചിന്തിച്ചുനോക്കുക; ഈ പ്രപഞ്ചത്തിന്റെ സകലകോണുകളിലും

തെളിഞ്ഞുകാണുന്ന സൃഷ്ടിവൈഭവവും ആസൂത്രണപാടവവും ഒരു സ്രഷ്ടാവില്ലാതെ ഉണ്ടായി വന്നതാണെന്നോ? അല്ലെങ്കിൽ യുക്തിയും ജ്ഞാനവുമില്ലാത്ത ഒരാത്യന്തിക കാരണത്തിൽനിന്ന് ഇത്ര യുക്തിഭദ്രവും ലക്ഷ്യോന്മുഖവുമായ പ്രതിഭാസങ്ങളുളവാകുമോ? അതുമല്ലെങ്കിൽ, അപൂർണരായ വ്യത്യസ്ത സ്രഷ്ടാക്കളുടെ സൃഷ്ടിപ്രവർത്തനത്തിൽനിന്ന് ഇത്രയേറെ പരസ്പരപൂരകവും സമഞ്ജസവും സന്തുലിതവുമായ പ്രപഞ്ചം ഉരുത്തിരിഞ്ഞുവരുമോ? നിഴലുകളുടെ വൃദ്ധിക്ഷയങ്ങളും തിരോധാനവും പുനരാഗമനവും മുതൽ മൃതമായി കിടന്ന ഭൂമി മഴയുടെ ആഗമനത്തോടെ സസ്യലതാദികളാൽ സജീവമാകുന്നതുവരെ ദർശിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്ക് മരിച്ചുപോകുന്ന മനുഷ്യരുടെ പുനർജീവിതം തീരെ അസാധ്യമായി തോന്നുന്നതെന്തുകൊണ്ടാണ്? മാനത്തുനിന്ന് പെയ്തിറങ്ങുന്ന മഴ അല്ലാഹുവിങ്കൽനിന്ന് അവതീർണമാകുന്ന വേദസന്ദേശത്തിന്റെയും, മൃതദേശം അജ്ഞതയിലും അന്ധവിശ്വാസത്തിലും ആണ്ടുകിടക്കുന്ന സമൂഹങ്ങളുടെയും, മഴമൂലം ദേശം സജീവമാകലിനെയും സൃഷ്ടികളുടെ ജലപാനത്തെയും പ്രവാചകന്റെ പ്രബോധനത്തിലൂടെ പെരുത്ത് സൃഷ്ടികൾ ജ്ഞാനത്തിന്റെ ജീവജലം നുകർന്ന് ഉദ്ബുദ്ധമാകുന്നതിന്റെയും രൂപകങ്ങൾ കൂടിയാണെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു. ■

---

وَلَقَدْ صَرَّفْنَاهُ بَيْنَهُمْ لِيَذَّكَّرُوا فَأَبَىٰ أَكْثَرُ النَّاسِ إِلَّا كُفُورًا ﴿٥٠﴾

50. ജനം ബോധവാന്മാരാകുന്നതിനുവേണ്ടി നാം അത് അവർക്കു മുമ്പിൽ പല മാതിരി അവതരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷേ അധികജനവും നന്ദികേടിൽതന്നെ ഉറച്ചുനിന്നു.

وَلَوْ شِئْنَا لَبَعَثْنَا فِي كُلِّ قَرْيَةٍ نَذِيرًا ﴿٥١﴾

51. നമുക്ക് വേണമെങ്കിൽ ഓരോ നാട്ടിലും ഓരോ പ്രവാചകനെ തീർച്ചയായും അയക്കാമായിരുന്നു.

فَلَا تُطِعِ الْكَافِرِينَ وَجَاهِدْهُمْ بِهِ جِهَادًا كَبِيرًا ﴿٥٢﴾

52. ആകയാൽ പ്രവാചകൻ ഈ സത്യനിഷേധികൾക്ക് ഒട്ടും വഴങ്ങിപ്പോകരുത്. അവരോട് ഈ ഖുർആൻ കൊണ്ട് മഹാസമരം നടത്തിക്കൊണ്ടിരിക്കുക.

**50-52**

وَلَقَدْ صَرَّفْنَاهُ بَيْنَهُمْ = അതിനെ അവർക്കിടയിൽ മാറ്റിമറിച്ചു (അവർക്കു മുമ്പിൽ പല മാതിരി അവതരിപ്പിച്ചുകൊണ്ടിരുന്നു)

لِيَذَّكَّرُوا = അവർ (ജനം) ബോധവാന്മാരാകുന്നതിനു വേണ്ടി

فَأَبَىٰ أَكْثَرُ النَّاسِ = അപ്പോൾ (പക്ഷേ) അധികജനവും വിസമ്മതിച്ചു(ഉറച്ചുനിന്നു)

إِلَّا كُفُورًا = നന്ദികേട്, നിഷേധം ഒഴിച്ച് (നന്ദികേടിൽതന്നെ)

وَلَوْ شِئْنَا = നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ (നമുക്കു വേണമെങ്കിൽ)

لَبَعَثْنَا = തീർച്ചയായും നാം അയക്കുമായിരുന്നു فِي كُلِّ قَرْيَةٍ = എല്ലാ ഓരോ നാട്ടിലും نَذِيرًا = (ഓരോ) മുന്നറിയിപ്പുകാരനെ

فَلَا تُطِعِ الْكَافِرِينَ = ആകയാൽ നീ സത്യനിഷേധികളെ അനുസരിക്കരുത് (വഴങ്ങിപ്പോകരുത്)

وَجَاهِدْهُمْ = നീ അവരോട് സമരം നടത്തിക്കൊണ്ടിരിക്കുക بِهِ = അതു (ഖുർആൻ) കൊണ്ട് جِهَادًا كَبِيرًا = മഹാസമരം

صَرَّفْنَا എന്ന ഖുർആനിക പ്രയോഗത്തിന്റെ ആശയം 17:41 സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ صَرَّفْنَاهُ -വിലെ هُ (അത്) എന്ന സർവനാമം കുറിക്കുന്നത് ഖുർആനെയാണ്. ഖുർആൻ സന്ദേശത്തിനു നേരെയുള്ള അവിശ്വാസികളുടെ സമീപനമാണല്ലോ തൊട്ടുമുമ്പുള്ള സൂക്തങ്ങളിലെ മുഖ്യ ചർച്ചാവിഷയം. അല്ലാഹു മനുഷ്യരെ പഠിപ്പിക്കാനുദ്ദേശിക്കുന്ന മൗലിക സിദ്ധാന്തങ്ങളും ജീവിതനിയമങ്ങളും യുക്തിപരമായ തെളിവുകളിലൂടെ, ന്യായവാദങ്ങളിലൂടെ, ചരിത്രസാക്ഷ്യങ്ങളിലൂടെ, പ്രാപഞ്ചിക ദൃഷ്ടാന്തങ്ങളിലൂടെ, ഉദാഹരണങ്ങളിലൂടെ അങ്ങനെ വൈവിധ്യമാർന്ന പല പല ശൈലികളിലും ഭാഷകളിലും വിശദമായി അവതരിപ്പിച്ചിരിക്കുന്നു. പക്ഷേ, അധിക മനുഷ്യരും അല്ലാഹുവിങ്കൽനിന്ന് ലഭിച്ച ഈ അനുഗ്രഹം മനസ്സിലാക്കാനോ അംഗീകരിക്കാനോ അതിന് നന്ദി കാണിക്കാനോ കൂട്ടാക്കാതെ അവരുടെ ജഡികാസക്തികൾക്കൊത്ത അന്ധ

വിശ്വാസങ്ങളിലും അനാചാരങ്ങളിലും തന്നെ ഉറച്ചു നിൽക്കുകയാണ്. അത് ഈ സന്ദേശത്തിന്റെയോ അത് പ്രബോധനം ചെയ്യുന്ന പ്രവാചകന്റെയോ കുറ്റമല്ല. പ്രവാചകൻ ഒറ്റക്കായതുകൊണ്ടുമല്ല ഇങ്ങനെ സംഭവിക്കുന്നത്. അതാണ് പ്രശ്നമെങ്കിൽ ഓരോ നാട്ടിനും മുന്നറിയിപ്പും സുവിശേഷവും നൽകാൻ ഓരോ പ്രവാചകനെ വീതം നിയോഗിക്കുക അല്ലാഹുവിന് ഒട്ടും പ്രയാസമുള്ള കാര്യമല്ല. നിന്നെ സഹായിക്കാൻ വേറെ കുറേ പ്രവാചകന്മാരെ കൂടി നിന്നോടൊപ്പം അയക്കാനും ബുദ്ധിമുട്ടൊന്നുമില്ല. യാഥാർഥ്യങ്ങൾക്കു നേരെ കണ്ണും കാതും കൊട്ടിയടച്ച് ബുദ്ധിയെ നിഷ്ക്രിയമാക്കിയവർക്കു മുന്നിൽ പ്രബോധനവും പ്രവാചകന്മാരും പെരുത്തതുകൊണ്ടെന്തു കാര്യം?! മനക്കണ്ണ് തുറന്നുനോക്കുകയാണെങ്കിൽ വ്യത്യസ്ത വ്യക്തികൾക്കും ഗോത്രങ്ങൾക്കും ദേശങ്ങൾക്കുമെല്ലാം തെളിഞ്ഞുകാണത്തക്കവണ്ണം വൈവിധ്യമാർന്ന ശൈലികളിലും മാധ്യമങ്ങളിലും ഈ ഖുർആൻ തന്നെ നിത്യസത്യങ്ങൾ തുറന്നുവെച്ചിരിക്കുന്നു.

അതിനാൽ കണ്ണടച്ച് സത്യം നിഷേധിക്കുന്നവരുടെ ജഡികേഛകൾക്ക് പ്രബോധകൻ വഴങ്ങിപ്പോകരുത്. ഈ ഖുർആനിക സന്ദേശങ്ങൾ ഉയർത്തിപ്പിടിച്ച് അവരോട് മഹാസമരത്തിലേർപ്പെടുകയാണ് വേണ്ടത്. جَاهِدْهُم بِهِ جِهَادًا كَبِيرًا (അത്-ഖുർആൻ-കൊണ്ട് അവരോട് മഹാ ജിഹാദാകുന്ന ജിഹാദ് ചെയ്യുക) എന്നാണ് മൂലവാക്യം. جهَاد -ന്റെ അർഥം *ഖുർആൻ ബോധനം* 2:218 സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. ഇസ്‌ലാമിന്റെ പ്രധാന സ്തംഭങ്ങളിലൊന്നാണ് ജിഹാദ്. ഇസ്‌ലാമിനെതിരെ അകത്തുനിന്നും പുറത്തുനിന്നും ഉയർന്നുവരുന്ന പ്രതിലോമ ശക്തികളെ ഉചിതമായ മാർഗങ്ങളിലൂടെ ചെറുത്തുതോൽപിച്ച് ഇസ്‌ലാമിന്റെ നിലനിൽപ്പും പുരോഗതിയും സുഗമമാക്കുന്ന പ്രക്രിയയാണിത്. ഇസ്‌ലാമിക ധർമത്തിന്റെ സംസ്ഥാപനം ലക്ഷ്യമാക്കിയുള്ള പ്രബോധനപരവും സാമൂഹികസംസ്കരണപരവും സേവനപരവുമായ പ്രയത്നങ്ങൾ ശരീരം കൊണ്ടുള്ള ജിഹാദാണ്. ഇസ്‌ലാമിക താൽപര്യങ്ങൾക്കു വേണ്ടി ധനവ്യയം ചെയ്യുന്നത് ധനം കൊണ്ടുള്ള ജിഹാദ്. ഇസ്‌ലാമിക ആദർശങ്ങൾ പ്രചരിപ്പിക്കാനും പ്രതിലോമ ശക്തികൾ ഉയർത്തുന്ന വിമർശനങ്ങൾക്ക് വിശദീകരണം നൽകാനും പ്രബന്ധങ്ങൾ രചിക്കുന്നതും ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതും, അറിവുകൊണ്ടും പേന കൊണ്ടുമുള്ള ജിഹാദ്. സ്വന്തം മനസ്സിലുയരുന്ന ദുർമോഹങ്ങളും ദുർവിചാരങ്ങളും, ആദർശദാർഢ്യം കൊണ്ടും ആത്മസംസ്കരണം കൊണ്ടും ദൂരീകരിക്കുന്നത് മനസ്സുകൊണ്ടുള്ള ജിഹാദ്. എന്നല്ല ഇതാണ് ഏറ്റവും മഹത്തായ ജിഹാദെന്ന് നബി(സ) പ്രസ്താവിച്ചതായി നിവേദനമുണ്ട്. ആ നിവേദനം പ്രബലമാണെങ്കിലും അല്ലെങ്കിലും അതിന്റെ ആശയത്തെ സാധൂകരിക്കുന്നതാണ് ഈ സൂക്തത്തിന്റെയും സൂറഃ അൽ*അൻകബൂത്ത്* 6-ാം സൂക്തത്തിന്റെയും ആശയം. ഈ രണ്ട് സൂക്തങ്ങൾ അവതരിക്കുന്ന കാലത്ത് മുസ്‌ലിംകൾക്ക് യുദ്ധം അനുവദിക്കപ്പെട്ടിരുന്നില്ല. സായുധ പ്രവർത്തനത്തെക്കുറിച്ച് പ്രവാചകനും സഖാക്കളും ചിന്തിച്ചിരുന്നുമില്ല. പ്രതിയോഗികളുടെ മർദന പീഡനങ്ങൾ വകവെക്കാതെ ഇസ്‌ലാമിക തത്ത്വങ്ങളും ധർമശാസനകളും അനുസരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ് രണ്ടിടത്തും ജിഹാദ് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അതാണ് ഖുർആൻ കൊണ്ടുള്ള മഹാ ജിഹാദ്- جِهَادٌ كَبِير .

ഇസ്‌ലാമിനോട് യുദ്ധം ചെയ്യുന്ന ശത്രുക്കളെ സായുധമായി തിരിച്ചടിക്കലും ജിഹാദിന്റെ ഭാഗമാണ്. പക്ഷേ, ജിഹാദ് യുദ്ധത്തിന്റെ- قِتَال -പര്യായമല്ല. ഇസ്‌ലാമിനു മുമ്പുള്ള അറബി സാഹിത്യങ്ങളിലും കവിതകളിലും യുദ്ധം എന്ന അർഥത്തിൽ 'ജിഹാദ്' ഉപയോഗിച്ചതായി കാണുകയില്ല. ക്ലേശഭൂയിഷ്ഠമായ എല്ലാ ത്യാഗപരിശ്രമങ്ങളെയും സായുധ നടപടി അടക്കമുള്ള ചെറുത്തുനിൽപ്പു സംരംഭങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് ജിഹാദ്. ഏറ്റം വലുതും മഹത്തരവുമായ ജിഹാദ് സായുധ പ്രവർത്തനമല്ല. സത്യവിശ്വാസിക്ക് പലപ്പോഴും തന്റെ സമുദായത്തോടും കുടുംബത്തോടും തന്റെ മനസ്സിനോടു തന്നെയും ക്ലേശകരമായ സമരം ചെയ്യേണ്ടിവരും. അതാണ് ഏറ്റം വലുതും മഹത്തരവുമായ ജിഹാദ്. ആധുനിക കാലത്ത് ജിഹാദിന് നിരുപാധികം യുദ്ധം എന്ന് അർഥം കൽപിക്കപ്പെടുകയും തീവ്രവാദവും സായുധ ഭീകര വിധ്വംസക പ്രവർത്തനവുമാണതെന്ന ഒരു സങ്കൽപം വളർത്തപ്പെടുകയും ചെയ്തിരിക്കുന്നു. മുജാഹിദുകൾ അഥവാ ജിഹാദികൾ എന്നാൽ ഭീകരന്മാർ! ദീനുൽ ഇസ്‌ലാമിന്റെ വിശുദ്ധ മൂല്യങ്ങളിലൊന്നായ ജിഹാദിനെ ഈവിധം ബീഭത്സവും മലീമസവുമാക്കിയതിൽ ഇസ്‌ലാംവിരുദ്ധ ശക്തികളുടെ കുത്സിത ചെയ്തികൾക്കു മാത്രമല്ല, ഇസ്‌ലാമിക പ്രവർത്തനമെന്നാൽ അന്ധവും ഹിംസാത്മകവുമായ സായുധ മുന്നേറ്റമാണെന്ന് ഭ്രമിച്ച ചില മുസ്‌ലിംകൾക്കും അനിഷേധ്യമായ പങ്കുണ്ട്. അത്തരം ഭീകരവും വികൃതവുമായ ജിഹാദ് സങ്കൽപത്തെയും ജിഹാദ് വിശ്വാസികളെയും തിരുത്താൻ ജിഹാദിലേർപ്പെടേണ്ടത് ഇന്ന് പൊതു മുസ്‌ലിം സമൂഹത്തിന്റെ കടമയായിത്തീർന്നിരിക്കുന്നു.

صَرَّفْنَاهُ എന്നതിലെ هُ (അത്) സൂചിപ്പിക്കുന്നത് മഴയെത്തന്നെയാണെന്നും വ്യാഖ്യാനമുണ്ട്. തൊട്ടു മുമ്പത്തെ സൂക്തം പറയുന്നത് മഴയെ പറ്റിയാണല്ലോ. വചനതാൽപര്യമിതാണ്: അല്ലാഹു അവന്റെ അനുഗ്രഹമായ മഴ പല കാലങ്ങളിലും ദേശങ്ങളിലുമായി ചിലപ്പോൾ അതിവൃഷ്ടിയായും ചിലപ്പോൾ മിതവൃഷ്ടിയായും ചിലപ്പോൾ അൽപവൃഷ്ടിയായും ചിലപ്പോൾ അനാവൃഷ്ടിയായും മാറ്റിമറിച്ച് വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. പ്രപഞ്ചത്തിന്റെയും അതിലെ പ്രതിഭാസങ്ങളുടെയും സമ്പൂർണമായ നിയന്ത്രണം അല്ലാഹുവിന്റെ ഹസ്തത്തിലാണെന്ന് മനസ്സിലാക്കാൻ മതിയായ ദൃഷ്ടാന്തമാണിത്. പക്ഷേ അധികമാളുകളും അത് മനസ്സിലാക്കാൻ ശ്രമിക്കാതെ അവന്റെ അനുഗ്രഹത്തോട് നന്ദികേട് കാണിക്കുകയാണ്. തൊട്ടു മുമ്പുള്ള സൂക്തത്തോട് ചേർന്നുനിൽക്കുന്നത് ഈ വ്യാഖ്യാനമാണെങ്കിലും തൊട്ടുപിറകെയുള്ള സൂക്തങ്ങൾക്കും മൊത്തം സന്ദർഭത്തിനും കൂടുതൽ ഇണങ്ങുന്നത് ആദ്യം പറഞ്ഞ വ്യാഖ്യാനമാണ്. ■